**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 946** **12-06-2024 - ൽ മറുപടിയ്ക്ക്**

**വനമേഖലകളിൽ യൂക്കാലി മരങ്ങൾ വച്ചു പിടിപ്പിക്കുന്നത് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | 2032-ഓടുകൂടി വനമേഖലയിൽ നിന്നും അധിനിവേശ സസ്യങ്ങളെ പൂർണ്ണമായി ഒഴിവാക്കി ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾക്ക് അനുസൃതമായ വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുമെന്ന് പ്രഖ്യാപിച്ച 2021-ലെ വന നയത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വനമേഖലകളിൽ യൂക്കാലി മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിന് വനം വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; | (എ) | കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനത്തിന് ഒരു നയരേഖ അംഗീകരിച്ചുകൊണ്ട് 17.12.2021-ലെ സർക്കാർ ഉത്തരവ് (കൈ) നം.29/2021/വനം പ്രകാരം ഉത്തരവായിട്ടുണ്ട്. വനമേഖലയിൽ നിന്നും വിദേശ ഏകവിളതോട്ടങ്ങളേയും, അധിനിവേശ സസ്യങ്ങളേയും ഘട്ടം ഘട്ടമായി ഒഴിവാക്കി ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾക്ക് അനുസൃതമായ സസ്യങ്ങൾ വച്ചുപിടിപ്പിക്കുമെന്ന് പ്രഖ്യാപിച്ച പ്രസ്തുത നയരേഖയിൽ മാറ്റം വരുത്തിയിട്ടില്ല. വനമേഖലകളിൽ യൂക്കാലി മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് വനം വകുപ്പ് അനുമതി നൽകിയിട്ടില്ല. |
| (ബി) | വനഭൂമിയിൽ യൂക്കാലി മരങ്ങൾ വീണ്ടും നട്ടുന്നതിനായി കേരള വനം വികസന കോർപ്പറേഷൻ അനുമതി തേടിയിരുന്നോ; ഇപ്രകാരം ചെയ്യുന്നതിന് കേന്ദ്ര വനം മന്ത്രാലയത്തിന്റെ വിലക്ക് നിലനിൽക്കുന്നുണ്ടോ; വിശദമാക്കുമോ? | (ബി) | കെ.എഫ്.ഡി.സി.ക്ക് വാണിജ്യ ആവശ്യങ്ങൾക്കായി പാട്ടത്തിന് നൽകിയ വനഭൂമിയിൽ യൂക്കാലിപ്റ്റസ് നടുന്നതിനും, അംഗീകൃത മാനേജ്മെന്റ് പ്ലാൻ (2020-21 മുതൽ 2024-25 വരെ) ഭേദഗതി ചെയ്യുന്നതിനുമുള്ള ശുപാർശ കെ.എഫ്.ഡി.സി കേന്ദ്ര സർക്കാരിന് 11.11.2022-ൽ സമർപ്പിക്കുകയും, തുടർന്ന് 24.02.2023-ലെ F(C)A/11.6/4WP/KER/VOL II നമ്പർ ഉത്തരവ് പ്രകാരം യൂക്കാലി മരങ്ങൾ മാത്രം മുറിക്കുന്നതിന് കേന്ദ്ര സർക്കാർ അനുവാദം നൽകുകയുമുണ്ടായി. ഇതേവിഷയത്തിൽ ഇളവനുവദിക്കാൻ 21.11.2022, 10.12.2022 എന്നീ തീയതികളിൽ സംസ്ഥാന സർക്കാരിനും കെ.എഫ്.ഡി.സി ശുപാർശ സമർപ്പിച്ചു. തുടർന്ന് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം ടി ഭേദഗതി, നാഷണൽ വർക്കിംഗ് പ്ലാൻ കോഡിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള സ്റ്റേറ്റ് ലെവൽ സ്റ്റാൻഡിംഗ് കൺസൽട്ടേറ്റീവ് കമ്മിറ്റി 01.02.2024 ൽ പരിശോധിക്കുകയും ടി ഭേദഗതി നിരാകരിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | കെ.എഫ്.ഡി.സി യുടെ അഭ്യർത്ഥന പരിഗണിച്ച് 2020-21 മുതൽ 2024-25 വരെയുള്ള അംഗീകൃത മാനേജ്മെന്റ് പ്ലാൻ കാലാവധിയിൽ ഈ സാമ്പത്തിക വർഷം മാത്രം കേരള വനം വികസന കോർപ്പറേഷൻ തോട്ടങ്ങളിൽ യൂക്കാലിപ്റ്റസ് നട്ടുപിടിപ്പിക്കുന്നതിന് 07.05.2024 ലെ സ.ഉ (സാധാ) നം 221/2024/വനം, പ്രകാരം സർക്കാർ അനുമതി നൽകിയെങ്കിലും പിന്നീട് 20.05.2024 ലെ സ.ഉ (സാധാ) നം.236/2024/വനം പ്രകാരം കേന്ദ്ര സർക്കാർ അനുമതി നൽകിയത് അനുസരിച്ചുള്ള യൂക്കാലിപ്റ്റസ് മരങ്ങൾ മുറിച്ചു നീക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് മാത്രം അനുമതി നൽകി സർക്കാർ ഉത്തരവ് ഭേദഗതി വരുത്തിയിട്ടുണ്ട്. യൂക്കാലിപ്റ്റസ് നട്ടു വളർത്തുന്നതിന് കേന്ദ്ര വനം മന്ത്രാലയം അനുമതി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ